# SMILEY



തുടരെയുള്ള പ്രളയത്തിൽ ജീവൻ
പൊലിഞ്ഞവരുടെ  ഓർമ്മകൾക്ക്
സമർപ്പിക്കുന്നു.........

# എഡിറ്റോറിയൽ

ചീഫ് എഡിറ്റർ ആർ.എസ്.മുരളീധരൻ(ഹെഡ് മാസ്റ്റർ)

സ്റ്റാഫ് എഡിറ്റർ ശ്രീലേഷ് (മലയാളം)

സ്റ്റുഡന്റ് എഡിറ്റർ മുഹമ്മദ് ആദിൽ . കെ.ടി(9 A)

എഡിറ്റർ ഇന്ദു പി(ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)

ബിന്ദു നരവത്ത്(ലിറ്റിൽ കൈറ്റ്സ്മിസ്ട്രസ്)

സാങ്കേതിക സഹായം മുബഷിറ കെ

കൂടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും.....

കവർ ചിത്രം സഫ്‌വാൻ കുരിക്കൾ(10 C)

## ഉള്ളടക്കം

പ്രവർത്തനങ്ങളിലൂടെ....................5
ഇതളറ്റ് വീണപൂവ് സാറാസുമി 8 B....................17
രാജസേവകൻ ആദിൽ കെ.ടി....................18
ഉറ്റവർ പറയുമ്പോൾ....................20
ജീൻസ് ജെയിംസ്....................22
हिन्दी भाषा का वैश्विक सन्दर्भ....................24
കുഞ്ഞോ മാപ്പ്....................27
മരിക്കുന്ന വായന....................29
പത്രത്താളുകളിലൂടെ....................31
Fourteen....................35
Golden Principles....................35
for Stress Free Living....................35
Exam Hall....................36
സ്ത്രീപക്ഷ രാഷ്ട്രീയവും....................37
ജനാധിപത്യവും....................37
വരകളിലൂടെ....................40

ഡിജിറ്റൽ മാഗസിൻ നിർമാണത്തിൽ

പങ്കു ചേർന്ന അധ്യാപകരോടും

വിദ്യാർത്ഥികളോടും നന്ദി അറിയിക്കുന്നു........

ലിറ്റിൽ കൈറ്റ്സ്

# പ്രവർത്തനങ്ങളിലൂടെ.........

## 1. പ്രവേശനോത്സവം

**പരിസ്ഥിതി സൗഹൃദ വിദ്യാലയം എന്ന സന്ദേശവുമായി ചെട്ടിയാം കിണർ ഹൈസ്കൂൾ ...**

വിദ്യാലയത്തിൽ പ്രവേശനോത്സവത്തോടനുബന്ധിച്ച് പുതുതായി ചേർന്ന വിദ്യാർത്ഥികൾക്ക് അന്ധരും ഭിന്നശേഷിക്കാരുടേയും കൂട്ടായ്മ പ്രതീക്ഷ നിർമ്മിച്ച പേപ്പർ പേനകൾ വിതരണം ചെയ്തു. ഈ പേനകളിൽ ഒളിപ്പിച്ചു വെച്ച വിത്തുകൾ പേന ഉപയോഗ ശേഷം വലിച്ചെറിയുന്ന സ്ഥലത്ത് മുളച്ച് ഭൂമിക്ക് തണലേകും.പേപ്പർ പേന വിതരണം പ്രഥമാധ്യാപകർ ആർ എസ് മുരളീധരൻ നിർവ്വഹിച്ചു. പി.ടി.എ പ്രസിഡന്റ് മേനാട്ടിൽ ഹംസക്കുട്ടി അധ്യക്ഷത വഹിച്ചു. അസൈനാർ എടരിക്കോട്, രാകേഷ് ആർ. നായർ. അനിൽ കുമാർ എന്നിവർ സംബന്ധിച്ചു.





## സ്കൂൾ ബാഗ് വിതരണം

വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ് നൽകി പെരുമണ്ണ ഗാലക്സി ആർട്സ് & സ്പോർട്സ് ക്ലബ്ബ് മാതൃകയായി .പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിൽ സ്തുത്യർഹമായ സാമൂഹ്യ സേവന പ്രവർത്തനങ്ങൾ നടത്തുന്ന ഗാലക്സി ക്ലബ്ബ് ചെട്ടിയാം കിണർ ഗവ: ഹൈസ്കൂളിലെ നൂറ്റി നാൽപതോളം വിദ്യാർത്ഥികൾക്കാണ് ബാഗ് വിതരണം ചെയ്തത്. നെഹ്റു യുവകേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ ശ്രീ. കെ. കുഞ്ഞമ്മദ് താനൂർ ,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. എ റസാഖ് എന്നിവർ ചേർന്ന് വിതരണോദ്ഘാടനം നിർവ്വഹിച്ചു. എസ്. എസ്. എൽ സി ,പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു. കഴിഞ്ഞ എസ് എസ് എൽ സി പരീക്ഷയിൽ 100 % വിജയം കൈവരിച്ച ചെട്ടിയാം കിണർ ഗവ: ഹൈസ്കൂളിനുള്ള ഉപഹാരം നെഹ്റു യുവ കേന്ദ്ര ഡയറക്ടർ

പ്രഥമാധ്യാപകൻ ശ്രീ. ആർ. എസ്. മുരളീധരന് കൈമാറി. പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പൊതുവത്ത് ഫാത്തിമ , റഷീദ് ചെരിച്ചി, ചെറിയാപ്പു ഹാജി. പി.ടി.എ പ്രസിഡൻറ് ഹംസക്കുട്ടി മേനാട്ടിൽ എന്നിവർ സംബന്ധിച്ചു. അബ്ദുസ്സമദ് പി അധ്യക്ഷത വഹിച്ചു. റസീൽ അഹമ്മദ് സ്വാഗതവും അസൈനാർ എടരിക്കോട് നന്ദിയും പറഞ്ഞു.



## 2.ഭൂമിക്കൊരു കുട

ജൂനിയർ റെഡ്ക്രോസിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'ഭൂമി ക്കൊരു കുട ' പദ്ധതിയുടെ ഭാഗമായി നെഹ്റു യുവകേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ ശ്രീ. കെ. കുഞ്ഞമ്മദ് വൃക്ഷ തൈവിതരണോദ്ഘാടനം ചെയ്തു. താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ. എ റസാഖ്,പ്രഥമാധ്യാപകൻ

ശ്രീ. ആർ. എസ്. മുരളീധരൻ, പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പൊതുവത്ത് ഫാത്തിമ , റഷീദ് ചെരിച്ചി, പി.ടി.എ പ്രസിഡൻറ് ഹംസക്കുട്ടി മേനാട്ടിൽ എന്നിവർ സംബന്ധിച്ചു. ഓരോ കാഡറ്റും വൃക്ഷ തൈകൾ വീട്ടു പരിസരത്ത് നട്ടു പിടിപ്പിച്ച് ആഗോള താപനത്തെ പ്രതിരോധിക്കും.



# 3.വായനാ വസന്തം 2019

ചെട്ടിയാൻ കിണർ ഗവ: ഹൈസ്കൂളിൽ മലയാളവേദിയുടെ ആഭിമുഖ്യത്തിൽ വായനാദിന പരിപാടികൾക്ക് ഇന്ന് തുടക്കമായി .തുഞ്ചെത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല മുൻ രജിസ്ട്രാറും

സാംസ്കാരികപൈതൃക പഠന വിഭാഗം പ്രൊഫസറുമായ ഡോ. കെ.എം. ഭരതൻ ഉദ്ഘാടനം ചെയ്തു. വായനാവസന്തം 2019 ന്റെ ഭാഗമായി നടക്കുന്ന മൂന്ന് ദിവസത്തെ പുസ്തകമേള ( ജൂൺ, 19, 20, 21 ) ഉദ്ഘാടനം ചെയ്തു. മാപ്പിള രാമായണത്തിന്റെ മൊഞ്ചും മൊഴിയും എന്ന വിഷയത്തിൽ അദ്ദേഹം മുഖ്യ പ്രഭാഷണം നടത്തി.കുട്ടികൾ തയ്യാറാക്കിയ ചൂട്ട് കയ്യെഴുത്ത് മാഗസിന്റെ പ്രകാശനവും നടന്നു. ജൂലൈ അഞ്ച് വരെ നടക്കുന്ന വയനാ വസന്തത്തിൽ വരയുടെ വായന പ്രശസ്ത ചിത്രകാരൻ തോലിൽ സുരേഷ് നിർവ്വഹിച്ചു. കവി സമ്മേളനം ,പുസ്തക ചർച്ച, വയനാ മത്സരം, ചലചിത്ര പ്രദർശനം ,ബഷീർ അനുസ്മരണം തുടങ്ങി വിവിധ പരിപാടികളോടെ വയനാ വസന്തം ജൂലൈ 5 ന് സമാപിച്ചു. ചടങ്ങിൽ പ്രഥമാധ്യാപകൻ ആർ. എസ് മുരളീധരൻ അധ്യക്ഷത വഹിച്ചു.തോലിൽ സുരേഷ് ,പി.ടി.എ പ്രസിഡന്റ് മേനാട്ടിൽ ഹംസക്കുട്ടി, അസൈനാർ എടരിക്കോട് എന്നിവർ ആശംസകൾ അർപ്പിച്ചു .മലയാളവേദി കൺവീനർ ഡോ. ബിന്ദു നെരവത്ത് സ്വാഗതവും ശ്രീലേഷ് പി.പി നന്ദിയും പറഞ്ഞു.



## പുസ്തക വണ്ടി

ജൂനിയർ റെഡ്ക്രോസിന്റെ ആഭിമുഖ്യത്തിൽ വായനാ തണലോരം ,പുസ്തക സഞ്ചി,അമ്മമാർക്ക് ലൈബ്രറിയിൽ അംഗത്വം നൽകി പുസ്തക

വിതരണം ചെയ്യുന്ന അമ്മ വായന .. ലൈബ്രറി പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്ന പുസ്തക വണ്ടിഎന്നീ പരിപാടികൾ നടന്നു. വായന മരിക്കുന്നില്ല ... പുനർജനിച്ചു കൊണ്ടേയിരിക്കുന്നു..... വായനയുടെ പുതിയ സാധ്യതകൾ അവതരിപ്പിച്ചു കൊണ്ട് ചെട്ടിയാം കിണർ ഹൈസ്കൂൾ ജൂനിയർ റെഡ് ക്രോസ് ലൈബ്രറി പുസ്തകങ്ങൾ പൊതുജനങ്ങൾക്ക് വീടുകളിൽ എത്തിച്ചു നൽകാൻ തീരുമാനിച്ചു.ഇതിന്റെ ഔപചാരിക ഉദ്ഘാടന കർമ്മം സി . ചെറിയാപ്പു ഹാജിക്ക് നൽകി കൊണ്ട് ജൂനിയർ റെഡ്ക്രോസ് കൗൺസിലർ നിർവ്വഹിച്ചു.

# 4.യോഗാ ദിനാചരണം

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ തിരൂരങ്ങാടി ഏരിയ കമ്മറ്റിയുടെ കീഴിൽ അന്താരാഷ്ട്ര യോഗാ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് പഠന ക്യാമ്പ് സംഘടിപ്പിച്ചു. ഡോ. റിയാസലി ഉണ്ണിയാക്കൽ ,ഡോ. പി. സിറാജുദ്ദീൻ .ഡോ. ലുഖ്മാൻ എന്നിവർ സംബന്ധിച്ചു. വിദ്യാർത്ഥിക്ക് മന:ശക്തി എങ്ങിനെ നേടിയെടുക്കാം , വിവിധ തരം മെഡിറ്റേഷനുകൾ , മാനസിക സംഘർഷം എങ്ങനെ കുറക്കാം എന്നീ വിഷയങ്ങളെ കുറിച്ച് ഡോ. ലുഖ്മാൻ ക്ലാസ്സ് എടുത്തു. പ്രഥമാധ്യാപകൻ ആർ. എസ് മുരളീധരൻ അധ്യക്ഷത വഹിച്ചു.





# 5. കൗമാര ദിനാചരണം

കൗമാര ദിനാചരണം നടത്തി .ആഗസ്റ്റ് ഒന്നിന് കൗമാര ദിനത്തിൽ കൗമാരപ്രായക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ അറിയുന്നതിനും പരിഹരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി

കൗമാര ബോധവൽക്കരണം സംശയനിവാരണവും നടത്തി. മലപ്പുറം ചൈൽഡ് ലൈൻ  കോഡിനേറ്റർ കുമാരി ഫാരിസ വിദ്യാർത്ഥികൾക്ക്

ക്ലാസ്സെടുത്തു. സ്കൂൾ സ്റ്റുഡൻസ് കൗൺസിലർ ലിജി വി സ്വാഗതവുംവിദ്യാർത്ഥി പ്രതിനിധി ഫാത്തിമാ ഷാന നന്ദിയും പറഞ്ഞു പ്രഥമാദ്ധ്യാപകൻ ആർ എസ് മുരളീധരൻ അധ്യക്ഷത വഹിച്ച




# 6.ഹിരോഷിമാ നാഗസാക്കി ദിനം

1945 ൽ ഹിരോഷിമയിലെ അമേരിക്കയുടെ അണുബോംബ് അക്രമണത്തിൽ രക്തസാക്ഷിയാവേണ്ടിവന്ന ജപ്പാനീസ് പെൺകുട്ടിയാണ് സഡാക്കോ സസാക്കി. സഡാക്കോയ്ക്ക് രണ്ട് വയസ്സുള്ളപ്പോഴാണ് ഹിരോഷിമയിൽ അണുബോംബിട്ടന്നത്, അപ്പോൾ മരണത്തിൽ നിന്നും രക്ഷപ്പെട്ടെങ്കിലും മാരകമായ അണുവികിരണങ്ങൾ അവൾക്ക് രക്താർബുദം വരുത്തിവച്ചു.

ആയിരംകടലാസുകൊക്കുകളെയുണ്ടാക്കി പ്രാർഥിച്ചാൽ ആഗ്രഹിക്കുന്ന കാര്യം സാധിക്കുമെന്ന ഒരു വിശ്വാസം ജപ്പാനിലുണ്ട്. അതുപ്രകാരം

രോഗം മാറാനായി സഡാക്കോ ആശുപത്രികിടക്കയിലിരുന്ന് കടലാസു കൊറ്റികളെയുണ്ടാക്കി. പക്ഷെ 644 കൊറ്റികളെ ഉണ്ടാകിയപ്പോയേക്കും അവൾ മരണത്തിനു കീഴടങ്ങി.പിന്നീട് അവളുടെ സുഹൃത്തുക്കൾ ചേർന്ന് 1000 എന്ന എണ്ണം പൂർത്തിയാക്കി ആ കൊറ്റികളെ അവളോടൊപ്പം ദഹിപ്പിച്ചു. പിന്നീട് സഡാക്കൊയും, അവളുടെ ഒറിഗാമി കൊക്കുകളും ലോകസമാധാന ഗവ: ഹൈസ്കൂൾ ജൂനിയർ റെഡ് ക്രോത്തിന്റെ പ്രതീകമായി ലോകമെങ്ങും അറിയപ്പെട്ടു തുടങ്ങി സഡാക്കോ സസാക്കിയുടെ ഓർമ്മയ്ക്കായി Junior Red Cross സഡാക്കോ നിർമ്മാണവും പ്രദർശനവും നടത്തി. നിർമ്മാണ മത്സരത്തിൽ ഫഹദ് റഹ്മാൻ ഒന്നാം സ്ഥാനവും ഫാത്തിമ ഷാന രണ്ടാം സ്ഥാനവും വർഷ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.



# 7.ഭക്ഷ്യസുരക്ഷ ആരോഗ്യരക്ഷ

ഭക്ഷ്യ സുരക്ഷാ ക്ലബ്ബ് രൂപീകരിച്ചു കൊണ്ട് വിദ്യാർത്ഥികൾ തിരൂരങ്ങാടി മേഖല ഭക്ഷ്യസുരക്ഷാ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ചെട്ടിയാംകിണർ ഗവൺമെൻറ് ഹൈസ്കൂളിൽ ഭക്ഷ്യസുരക്ഷാ ക്ലബ് രൂപീകരിച്ചു.

വർധിച്ചുവരുന്ന ജീവിതശൈലി രോഗങ്ങളെ പ്രതിരോധിക്കുന്നതിന് പോഷകസമൃദ്ധമായ ആഹാര ശീലം അനുവർത്തിക്കുന്നതിന്റെ പ്രാധാന്യം ഊന്നി പറഞ്ഞുകൊണ്ട് തിരൂർ ഗവൺമെൻറ് ജനറൽ ആശുപത്രിയിലെ ഡയറ്റീഷ്യൻ ശ്രീമതി ഷൈജി.സി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സ് നടത്തി. കൃത്രിമ ചേരുവകൾ ചേർത്ത ഫാസ്റ്റ് ഫുഡുകൾ ഉപേക്ഷിക്കുമെന്ന് വിദ്യാർത്ഥികൾ പ്രതിജ്ഞ എടുത്തു.തിരൂരങ്ങാടി മേഖല ഭക്ഷ്യസുരക്ഷാ ഓഫീസർ ശ്രീമതി പ്രിയ വിൽഫ്രഡ് ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡണ്ട് ഷംസുദ്ദീൻ കെ അധ്യക്ഷത വഹിച്ചു.പ്രഥമാധ്യാപകൻ ആർ എസ് മുരളീധരൻ സ്വാഗതംപറഞ്ഞു. ജൂനിയർ റെഡ് ക്രോസ് ലീഡർ ആദിത്യ കെ നന്ദിയും പറഞ്ഞു 30/10/2019




# 7.ഓസോൺ ദിനം

ചെട്ടിയാംകിണർ ഗവ: ഹൈസ്കൂൾ ജൂനിയർ റെഡ് ക്രോസിന്റെ ആഭിമുഖ്യത്തിൽ ഓസോൺ ദിനം ആചരിച്ചു. മനുഷ്യന്റെ അനിയന്ത്രിത മായ ഇടപടൽ ൽ മൂലം പ്രകൃതി യിൽ സംഭവിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് ബോധവത്കരിക്കുന്നതിന് വേണ്ടി ഓസോൺ പ്രാണന്റെ പുതപ്പ് എന്ന പ്രമേയവുമായി ബോധവത്കരണ ജാഥ നടത്തി. ജാഥ പ്രഥമാധ്യാപകൻ ആർ. എസ്. മുരളീധരൻ ഫ്ലാഗ് ഓഫ് ചെയ്തു. ക്കേഴിച്ചെന റാപിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ് ക്യാമ്പിൽ സമാപിച്ചു. ഓസോൺ വാതകവുമായി വളരെ ബന്ധമുള്ള മരമാണ് ആൽ മരം . ആൽമരത്തിനൊരു കൂട്ട് ആൽ മരച്ചോട്ടിൽ ഇത്തിരി നേരം എന്ന സന്ദേശവുമായി വിദ്യാർത്ഥികൾ ക്യാമ്പിനകത്തെ ആൽമരച്ചോട്ടിൽ വെച്ച് ഓസോൺ സംരക്ഷണ പ്രതിജ്ഞ എടുത്തു. RR R F

ക്യാമ്പിനകത്ത് ആൽ മര തൈത്തെ നടൽ 'ഫല വൃക്ഷ വിത്തു പാകൽ. ഓസോൺ സംരക്ഷണ ത്തിനായി ഭൂമി ക്കൊരു കുട എന്നിവയും നടന്നു. കോഴിച്ചെന ഹനീഫ മെമ്മോറിയൽ വായന ശാല ഭാരവാഹികൾ വിദ്യാർത്ഥികൾക്ക് പ്രകൃതി ദത്തമായ നല്ല നാടൻ  അവിൽ വെള്ളം നൽകി. RR R 'F അസിസ്റ്റന്റ് കമാണ്ടന്റ് മെഹ്ബൂബ് പി.ടി ഉദ്ഘാടനം ചെയ്തു. സബ് ഇൻസ്പെക്ടർ മാരായ സുകുമാരൻ. രമേഷ് എന്നിവർ ആൽമരം നട്ടു. മുജീബ് മാസ്റ്റർ ഓസോൺ ബോധ വത്കരണ ക്ലാസ്സ് നടത്തി.പ്രഥമാധ്യാപകൻ ആർ. എസ് മുരളീധരൻ അധ്യക്ഷത വഹിച്ചു. പി. ടി എ പ്രസിഡന്റ് കാമ്പുറത്ത് ശംസുദ്ദീൻ രാകേഷ് ആർ. നായർ .സബിത ടീച്ചർ. കേളി അബ്ബാസ്. എന്നിവർ ആശംസകൾ അർപ്പിച്ചു. ജൂനിയർ റെഡ് ക്രോസ് കൗൺസിലർ അസൈനാർ എടരിക്കോട് നന്ദി പറഞ്ഞു.



## ഇതളറ്റ് വീണപൂവ്

സാറാസുമി 8 B

ഇതളറ്റുവീണപൂവാണ് ഞാൻ
നിൻചിരിയിലൊതുങ്ങാത്ത തേനാണ്ഞാൻ
ആശതൻ വേനൽ പൂരിയിൽ മഞ്ഞുതുള്ളി
ഇറ്റിട്ടുവിരിഞ്ഞ പൂവാണ് ഞാൻ
എങ്ങോ മഴപക്ഷിതൻ ചിലമ്പൽ
ഞാൻ കേട്ടു ഓർമ്മതൻ കിളിതൂവൽ
തഴുകിയെന്നേ തഴുകലറിയാതെ മയങ്ങി
ഞാൻ ഓർമ്മതൻ  പൂമഴ ചെയ്തുവന്നു
ആ മഴയും ഞാൻ കൊണ്ട് ഏതോ
ഇരുളിൽ മറഞ്ഞു പോയി വെള്ളിച്ച
മില്ലാതെ അലഞ്ഞു ഞാൻ നന്മതൻ
നേർവാതിൽ തുറന്നു വന്നു
ആ വാതിലിലൂടെ ഞാൻ എന്നെന്നും സഞ്ചരിച്ചു

## രാജസേവകൻ

ആദിൽ കെ.ടി

നൂറ്റാണ്ടുകൾക്ക് മുമ്പ് തുർക്കിയിൽ ജീവിച്ചിരുന്നയാളാണ് മുല്ലാ നസ്റുദ്ദീൻ .അദ്ദേഹത്തിന്റെ ബുദ്ധി സാമർഥ്യവും ധർമബോധവും പ്രസിദ്ധമായിരുന്നു.ഫലിതം കേട്ടു രസിക്കാൻ ആളുകൾ അദ്ദേഹത്തിന്റെ അടുത്തെത്തുമായിരുന്നു.രാജാവ് അദ്ദേഹത്തിന്റെ ഫലിതങ്ങൾ ഇഷ്ടപ്പെട്ടിരുന്നു.

ഒരു ദിവസം രാജാവിന് വല്ലാത്ത വിശപ്പ് .പാചകക്കാരൻ ചോറും വഴുതിനങ്ങാക്കറിയുണ്ടാക്കി.നല്ല വിശപ്പുണ്ടായിരുന്നത് കൊണ്ട് രാജാവിന് ഭക്ഷണം വളരെ ഇഷ്ടപ്പെട്ടു.

“വഴുതിനങ്ങാക്കറി എത്ര രുചിയുള്ളതാണ്! എല്ലാ ദിവസവും വഴുതിനങ്ങാക്കറി മതി,”രാജാവു പറഞ്ഞു.


മുല്ല സമീപത്തുണ്ടായിരുന്നു.അദ്ദേഹം പറഞ്ഞു "അതെ വഴുതിനങ്ങാക്കറി വളരെ രുചിയുള്ളതാണ്! ലോകത്തിൽ ഏറ്റവും നല്ല പച്ചക്കറി വഴുതിനങ്ങയാണ്.”

അങ്ങനെ പാചകക്കാരൻ എല്ലാ ദിവസവും വഴുതിനങ്ങാക്കറി ഉണ്ടാക്കി.ആദ്യ കുറച്ച ദിവസങ്ങൾ രാജാവ് അതിഷ്ടപ്പെട്ടു .പിന്നെ മടുത്തു ഒരാഴച്ച കഴിഞ്ഞപ്പോൾ രാജാവ് പറഞ്ഞു"ഈ കറിക്ക് ഒരു രുചിയുമില്ല ഇനി മേലിൽ  വഴുതിനങ്ങാക്കറി  ഉണ്ടാക്കിപ്പോകരുത്".

അപ്പോൾ മുല്ല പറഞ്ഞു "അല്ലെങ്കിലും വഴുതിനങ്ങാക്കറി രുചിയില്ലാത്തതാണ്. സത്യത്തിൽ വഴുതിനങ്ങാക്കറിയാണ് ലോകത്തിൽ ഏറ്റവും മോശപ്പെട്ട കറി.”

"മുല്ലയെന്താ ഇങ്ങനെ പറയുന്നത്?” ഒരാൾ ചോദിച്ചു "കഴിഞ്ഞ ആഴ്ച്ചയല്ലേ നിങ്ങൾ പറഞ്ഞത് വഴുതിനങ്ങയാണ് ലോകത്തിൽ ഏറ്റവും നല്ല പച്ചക്കറിയെന്ന്?”

“നോക്കൂ,എനിക്ക് വഴുതിനങ്ങയെ എപ്പോഴും പുകഴ്ത്തേണ്ടകാര്യമൊന്നുമില്ല. ഞാൻവഴുതിനങ്ങയുടെ സേവകനല്ല
പക്ഷേ എനിക്കെപ്പോഴും രാജാവു പറയുന്നത് ശരി വെക്കണം ഞാൻ രാജസേവകനാണ്".



# ഉറ്റവർ   പറയുമ്പോൾ

ജസീല ബിൻസിയ   9B

ഞാൻ വീട് വിട്ടിറങ്ങു-
മ്പോൾ പറഞ്ഞു അച്ഛനോട്
നിങ്ങളെല്ലാരും കരയുമോരുനാൾ
അന്നെന്റെ വീടിന്റെ ഭാവി.......

ഞാനെന്റെ ക്ലാസിൽ നിന്ന്...
പുറത്താക്കപ്പെട്ടപ്പോൾ
എന്റെ അധ്യാപകൻ പറഞ്ഞു
നീയാണ് ഭാവിയുടെ പ്രതീക്ഷയറ്റവൻ...!

ഞാൻ മൈതാനത്തിൽ കളിക്കുമ്പോൾ
എന്റെ പരിശീലകൻ പറഞ്ഞെന്നോട്
നീയാണ് ഭാവിയുടെ താരമാണെന്ന് !..


ഞാനെന്റെ ജീവിതം മതിയാക്കി എന്ന
ഓർമക്ക് തറയിട്ടപ്പോൾ ഒരു മാലാഖ
യൊന്നോണം പറഞ്ഞെന്റെയമ്മ
നീയാണ്  ഓർക്കാപ്പുറം  ചിന്തിക്കുന്നവൻ....

**ജീവിതം ഒറ്റയായി നീങ്ങിയ എനിക്കെ-**

**തിരെ വന്ന ഓരോ ചട്ടുല വിപ്ലവങ്ങൾക്കു-**

**മെന്നോട് പകയുള്ളപ്പോൾ ഓർത്തു ഞാൻ**

**കേൾക്കാമായിരുന്നു ഉറ്റവർ പറയുമ്പോൾ!!!......**



# ജീൻസ് ജെയിംസ്

സാധാരണക്കാരന്റെ ശാസ്ത്രജ്ഞനാണ് ജീൻസ് ജെയിംസ്.ശാസ്ത്ര നേട്ടങ്ങൾ ലളിതമായ ഭാഷയിൽ അവതരിപ്പിച്ചു എന്നതാണ് അദ്ദേഹത്തെ ജനപ്രിയ ഗണിതശാസ്ത്രജ്ഞനാക്കിയത്. 1877 സെപ്തംബർ 11
ന് ലണ്ടനിലാണദ്ദേഹത്തിന്റെ ജനനം. മതാപിതാക്കൾ സമ്പന്നരായിരുന്നു.അതിനാൽ കേംബ്രിഡ്ജ് സർവകലാശാലയിൽ പഠിക്കാൻ ജീൻസിന് സാധിച്ചു. ഗണിത ശാസ്ത്രത്തിൽ ജീൻസ് ബിരുദം നേടി. സുഖമായി ജീവിക്കാനുള്ള സമ്പത്തും സാഹചര്യങ്ങളുണ്ടായിട്ടും അവയെല്ലാം ഉപേക്ഷിച്ച് അദ്ദേഹം സാധരണക്കാരെ പോലെ കഠിനമായി അധ്വാനിച്ചു.

1899 ൽ ജീൻസ് സ്മിത്ത് സമ്മാനം നേടി. ആരോഗ്യം ശ്രദ്ധിക്കാതെ ജീവിച്ചതിനാൽ അദ്ധേഹത്തിന് ക്ഷയ രോഗം ബാധിച്ചു. രണ്ടു വർഷത്തെ ചികിത്സ കൊണ്ടാണ് അദ്ധേഹം രക്ഷപ്പെട്ടത്.
ഗണിത ശാസ്ത്രത്തിലും മറ്റു ശാസ്ത്രശാഖകളിലും ജീൻസ് നടത്തിയഗവേഷണങ്ങൾ അദ്ധേഹത്തെ പ്രശസ്തമാക്കി. 1902 ൽ ജീൻസ് റോയൽ സൊസൈറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അന്ന് അദ്ധേഹത്തിന്30 വയസുപോലും തികഞ്ഞിട്ടുണ്ടായിരുന്നില്ല. ധാരാളം ഗ്രന്ഥങ്ങൾ ജീൻസ് രചിച്ചു. അതിസങ്കീർണമായ ഗണിതശാസ്ത്ര പ്രശ്നങ്ങൾ അതിലളിതമായി അദ്ധേഹം പ്രതിപാദിച്ചു .അതിനാൽ ജീൻസിന്റെ ഗ്രന്ഥങ്ങൾ ശാസ്ത്രവിദ്യാർഥികൾക്ക് അനുഗ്രഹമാണ് കേംബ്രിഡ്ജ് പ്രിൻസ്ട്ടൺ തുടങ്ങിയ സർവകലാശാലകളിൽ ജീൻസ്


ജെയിംസ് പ്രൊഫസറായിരുന്നു. ജ്യോതിശാസ്ത്രവും ഭൗതികശാസ്ത്രവും ഗണിതശാസ്ത്രം പോലെത്തന്നെ ജീൻസ് ഇഷ്ട്ടപ്പെട്ടു.മഹത്തായ ജീവിതവീക്ഷണമാണ് ലളിതമായ ഗണിതശാസ്ത്രഗ്രന്ഥങ്ങൾ രചിക്കാൻ ജീൻസിനെ പ്രേരിപ്പിച്ചത്.

1908 ലാണ് ജീൻസ്"ദ മാത്തമാറ്റിക്കൽ തിയറി ഓഫ് ഇലക്ട്രിസിറ്റി ആൻഡ് മാഗ്നറ്റിസം"എന്ന ഗ്രന്ഥം രചിച്ചത്.

"കോസ്മോഗണി ആൻഡ് സ്റ്റെല്ലാർ ഡൈനാക്സ്"എന്ന പുസ്തകം1919 ൽ അദ്ദേഹം പുറത്തിറക്കി.'നമുക്ക് ചുറ്റുമുള്ള പ്രപഞ്ചം'[The Universe Around us]എന്ന പുസ്തകം [1919]ലോകമെങ്ങും വലിയ പ്രചാരം നേടി.

1946 ൽ സെപ്തംബർ 17 ന് ജീൻസ് അന്തരിച്ചു. അന്ന് അദ്ധേഹം റോയൽ ഇൻസ്റ്റിറ്റ്യൂഷനിൽ ജ്യോതിശാസ്ത്ര പ്രൊഫസറായിരുന്നു.

**പണക്കാരനായിരുന്നിട്ടും. സാധാരണക്കാരനെ പോലെ ജീവിച്ച എന്നതാണ് ജീൻസിന്റെ സവിശേഷത.**



# हिन्दी भाषा का वैश्विक सन्दर्भ

खडी बोली हिन्दी राष्ट्र भाषा एवं राज्य भाषा के पद से होते हुए आज विश्व भाषा का रूप धारण किया है ।हिन्दी भाषा का यह विकास एवं विस्तार विश्व के भौगोलिक ,राजनैतिक ,आर्थिक एवं सांस्कृतिक बदलाव का प्रतिफलन है ।भारतीय जहाँ-जहाँ भी गए अपने साथ अपनी संस्कृति ,अपना साहित्य ,अपनी भाषा भी ले गये ।ये भारतीय जिस देश में गए वहाँ की भाषा तो उन्होंने सीख ली किंतु अपनी मूल भाषा को वे नहीं भूले ,अपितु उसे अमूल्य निधि के समान सुरक्षित रखते हुए उसके सम्मान तथा उसकी सुरक्षा के प्रति हमेशा सजग रहे ।

हिन्दी की शक्ति भारत के बाहर अन्य देशों में बसे प्रवासी भारतीय है ।प्रवासी भारतीयों का बडा दल माँरीशस ,त्रिनिनाद ,दक्षिण आफ्रीका ,ग्याना ,सुरीनाम,तथा फीजी में है ।इन देशें में जानेवाले भारतीय संख्या में इतने कम थे कि उनके बीच पारस्परिक व्यवहार की संपर्क भाषा अवधी और भोजपुरी ही रही ,जिनमें कुछ अन्य भाषाओं के शब्दों का भी समावेश हो गया ।विदेशी भूमी पर कदम रखने के बाद वहाँ

के मूल निवासियों तथा अंग्रेज अफसरों आदि से जब उनका संपर्क हुआ तो वहाँ के कुछ शब्द भी उनकी हिन्दी में सम्मिलित हो गया ।इस प्रकार अनेक भाषिक शैलियाँ पनपी जिनके नये नामकरण भी दिये।फीजी में बोली जानेवाली हिन्दी को फीजीबात कहते हैं,सुरीनाम की हिन्दी को सरनामी हिन्दी तथा दक्षिण आफ्रिका की हिन्दी को नैताली ।इन देशों ने हिन्दी को वहाँ की राज्यभाषा का पद प्रधान किया ।

भारतीय संस्कृति की तलाश में हिन्दी भाषा एक माध्यम बनती है ।यू एस में हिन्दी क्रिटिकल नीड भाषा घोषित किया है।विध्यालय स्तर पर हिन्दी सिखाई जाती है ।वर्तमान संदर्भ में हिन्दी भाषा को अमरीका में बहुत मान्यता मिली ।2016 के अमरिकी राष्ट्रपति चुनाव के दौरान बेलट रसीद में हिन्दी में धन्यवाद छपी हुई थी ।वैश्विक संदर्भ में हिन्दी की लोकप्रियता को बढाने में पर्यटन और बोलिवुड फिल्मों का भी बहुत महत्वपूर्ण योगदान है ।

हिन्दी भाषा को वैश्विक स्तर पर प्रचार एवं प्रसार केलिए विश्व हिन्दी सम्मेलन का आयोजन किया जाता रहा है ।भारत एवं विदेशों से हिन्दी भाषा एवं साहित्य से जुडे हुए विद्वानों का एक संगम है यह सम्मेलन । 3 वर्ष के अन्तराल में इसका

आयोजन किया जाता है ।अब तक 11 विश्व हिन्दी सम्मेलन हो चुके है -नागपूर ,मारीशस ,नई दिल्ली , मारीशस ,त्रनिनाद व टोबेगो ,लन्दन,सुरीनाम,न्यूयार्क ,जोहांसबर्ग और भोपाल ।ग्यारहवाँ विश्व हिन्दी सम्मेलन मारीशस में हुआ । 1975 में नागपूर में आयोजित प्रथम विश्व हिन्दी सम्मेलन के दौरान एक विश्व हिन्दी केंद्र की स्थापना का विचार होने लगा ।माँरीशस में आयोजित द्वितीय विश्व हिन्दी सम्मेलन में विश्व हिन्दी सचिवालय की स्थापना का विचार साकार हुआ ।1996 में त्रिनिनाद व टोबैगो में हुए सम्मेलन के बाद माँरीशस सरकार ने डाँ. सरिता बुधु को सलाहकार के रूप में नियुक्त किया ।11 फरवरी 2008 को विश्व हिन्दी सचिवालय ने आधिकारिक रूप से कार्यारंभ किया ।

## കുഞ്ഞേ മാപ്പ് .......

ഓടയിൽ നിന്നൊരു ഞരക്കം കേൾക്കവേ
ഒന്നു നോക്കി ഞാൻ വെറുതെ
അയ്യോ ! ഉറുമ്പുകൾ തിന്നുന്ന കുഞ്ഞിന്റെ
നിലവിളിയതേ ഞാൻ കേൾപ്പൂ
മനുജരാരും തന്നെ കണ്ടീല്ലയോ നിന്നെ
മിഴികൾ തുറക്കൂ നീ  ഓമനേ
അരുമേ നിൻ മിഴികൾ തുടയ്ക്കാം ഞാൻ
നിന്നധരങ്ങളിൽ തേനും നൽകാം
മാൻപോലെ ചാടണം മയിൽ പോലെ ആടണം
കുയിൽ പോൽ പാടണം കുഞ്ഞേ...
ഇത് നിന്റെ കർണ്ണ പുടങ്ങളിലെത്താത്ത
നിനക്കായ് കരുതിയ മന്ത്രം

**ആർക്കിതു ഭീഷണിയായി കുഞ്ഞേ**

**ഈ ചെളിക്കുണ്ടിൽ  നീ വീഴാൻ**

**മക്കളുണ്ടാവാനായ് നോമ്പുനോൽക്കുമ്പൊഴും**

**കാണില്ല കണ്ണുകൾ നിന്നെ**

**കനകത്തിൻ തൊട്ടിലുകെട്ടാൻ കൊതിക്കുന്നോർ**

**കൈനീട്ടി നിന്നെ പുണർന്നാൽ**

ഭാവിതൻ വാഗ്ദാനമാകുന്ന നിന്നെ

ഭാവനയോടെ വളർത്താം.....

ആരെന്റെയോമനേ പിടയുന്ന നിന്നെ

**ആരുമേ കണ്ടതില്ലല്ലോ...**

**കണ്ടാലും കണ്ടാലും കാണാത്തവർ പിന്നെ**

**കേട്ടാലും കേട്ടാലും കേൾക്കാത്തവർ**

**ജന്മത്തിനായി ശപിക്കല്ലേ നിന്നെ**

**മാപ്പ് നീയേകൂ ഈ ജനനിമാർക്കായ്**

**.....................**

**കടപ്പാട് :**

**രേണുക .ബി**

**ജി.വി.എച്ച്.എസ്.എസ്**

**എടക്കുന്നം**

# മരിക്കുന്ന വായന

ഉപന്യാസം ഷഹന.പി.പി-9A

'വായന മരിക്കുന്നു'എന്നത് ഈ ലോകത്ത് പൊതുവേ കേട്ട്കൊണ്ടിരിക്കുന്ന ഒരു പരാതിയായി മാറിയിരിക്കുകയാണ്. ഇതിന്റെ മുഖ്യകാരണം നവ സാങ്കേതിക വിദ്യയുടെ കടന്നു കയറ്റമാണെന്ന് നിസ്സംശയമാണ്.

'ന്യൂ ജനറേഷൻ 'എന്ന ഓമനപ്പേരുള്ള ഈ തലമുറ വായനയെ വെറുപ്പോടെയാണ് ഉറ്റുനോക്കുന്നത്.പുസ്തകങ്ങൾ അവർ കൈകൊണ്ട് തൊട്ടിട്ടുതന്നെ കാലമൊരുപാടായിട്ടുണ്ടെന്ന് ശങ്കയില്ലാതെത്തന്നെ നമുക്ക് പറയാം.ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട കാര്യം,ഈ തലമുറ വായനയുടെ മഹത്വം മനസ്സിലാക്കാതെ പോവുന്നു എന്നതാണ്.ഇന്ന് ലോകം ഒരു വിരൽത്തുമ്പിലേക്ക് ചുരുങ്ങുകയും ഓർമിച്ച് വെക്കൽ ആവശ്യമില്ലാതെ വരികയും ചെയ്ത ഈകാലത്ത് പുസ്തകങ്ങൾ ഒരു പാഴ്വസ്തുവായിട്ടാണ് പലരുടേയും വീക്ഷണം.എങ്കിലും ഇന്നും പുസ്തകത്തെ സ്നേഹിക്കുന്നവർ ഉണ്ട് എന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല.

ഈ തലമുറയിലെ കുട്ടികൾക്ക് പുസ്തകങ്ങളുടെ മഹത്വം ശരിക്കും മനസ്സിലായിട്ടില്ല.ഇതിനൊരു പരിധി വരെ പുസ്തകങ്ങളേയും എഴുത്തുകാരേയും പറ്റി അവബോധമുണ്ടാക്കുന്നതിൽ അധ്യാപകരും രക്ഷിതാക്കളും ഉത്സാഹം കാണിക്കേണ്ടതാണ് എന്നത് പറയാതെ

വയ്യ.അനേകം പണ്ഡിതന്മാരുടെ വിജ്ഞാന മുത്തുകൾ സൂക്ഷിച്ച അമൂല്യനിധിയാണ് പുസ്തകങ്ങളെന്ന് നമ്മൾ ആദ്യം മനസ്സിലാക്കേണ്ടതുണ്ട്.നമ്മളെ ശിക്ഷിക്കാതെ നമുക്ക് ലോകത്തെ മനസ്സിലാക്കിത്തരുന്ന ഒരു ഗുരുനാഥനുണ്ടെങ്കിൽ അത് പുസ്തകങ്ങൾ മാത്രമാണെന്ന സത്യവുംനമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.ലോകത്തിൽ അറിയപ്പെട്ടവ രിൽ ബഹുഭ്രരിപക്ഷം പേരും പുസ്തകങ്ങളുടെ കൂട്ടുകാരാണ്.ഇതിന ർത്ഥം വായന എന്നത് നമ്മെ ഉന്നതിയിലേക്ക് നയിക്കുന്ന ഒന്ന് എന്നതല്ലേ.

എന്നാൽ വായനക്കും പുസ്തകത്തിനും പ്രാധാന്യം നൽകാതെ സോഷ്യൽമീഡിയക്ക് അധിഷ്ഠിതമായവർക്ക് ഉയർന്നൊരു പദവിയിലെത്തുക എന്നത് വളരെ അരോചകരമായൊരു കാര്യമാണ്.അതിനുപരി അവർ വാക്കുകളേയും സംസ്കാരത്തേയും തൊട്ട് ദരിദ്രരായിത്തീരുകയും ചെയ്യും.ഈ ദാരിദ്ര്യത്തിന് ഒരേയൊരു പരിഹാര മാർഗം വായന മാത്രമാണ്.പുസ്തകത്തിനും വായനക്കും മാത്രമേ നമ്മെ ഈയൊരവസ്ഥയിൽനിന്നും കരകയറ്റാൻ സാധിക്കൂ.


ഈ തലമുറയിൽ ജീവിക്കുന്ന നമ്മളെല്ലാവരും മേൽപറഞ്ഞ കാര്യത്തിൽ ദരിദ്രരാണ് എന്നത് ഞാനിവിടെ ഓർ മ്മപ്പെടുത്താതെ തന്നെ നമുക്ക് ഊഹിക്കാവുന്നതാണ്.അതിനാൽ നമുക്കിനിമുതൽ പുസ്തകങ്ങളെ ചങ്ങാതികളാക്കാം.മരിക്കുന്ന വായനയെജീവിതത്തിലേക്ക് കൈപിടിച്ചുയർത്താം.
നമ്മെ ഒരേ സമയം പലവിധത്തിൽ സഹായിക്കാൻ കഴിയുന്ന പ്രതിഫലം മോഹിക്കാത്ത ഗുരുനാഥനാണ് പുസ്തകങ്ങളെന്ന ചിന്ത നമ്മുടെ മനസ്സിൽ സദാ കുടിയിരുത്തുക.കുഞ്ഞുണ്ണി മാഷി ൻെറ ഈ നാല് വരി മനസ്സിൻെറ കോണിൽ നമുക്കേവർക്കും കുറിച്ചിടാം.

“വായിച്ചാലും വളരും

വായിച്ചില്ലെങ്കിലും വളരും

വായിച്ചു വളർന്നാൽ വിളയും

വായിക്കാതെ വളർന്നാൽ വളയും"



# പത്രത്താളുകളിലൂടെ

## സ്കൂൾ ബാഗുകൾ വിതരണംചെയ്തു

**ചെട്ടിയാംകിണർ ▸** പെരുമണ്ണ ഗാലക്സി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിലെ നൂറ്റിനാൽപ്പതോളം വിദ്യാർഥികൾക്ക് സ്കൂൾ ബാഗുകൾ വിതരണംചെയ്തു.

നെഹ്റു യുവകേന്ദ്ര സംസ്ഥാന ഡയറക്ടർ കെ. കുഞ്ഞഹമ്മദ്, താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി.കെ.എ. റസാഖ് എന്നിവർ ചേർന്ന് വിതരണോദ്ഘാടനം നിർവഹിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെ അനുമോദിച്ചു. എസ്.എസ്.എൽ.സി. പരീക്ഷയിൽ നൂറുശതമാനം വിജയം കൈവരിച്ച ചെട്ടിയാം കിണർ ഗവ. ഹൈസ്കൂളിനുള്ള ഉപഹാരം പ്രധമാധ്യാപകൻ ആർ.എസ്. മുരളീധരന് കൈമാറി. പി. അബ്ദുസ്സമദ് അധ്യക്ഷതവഹിച്ചു.

പെരുമണ്ണ ക്ലാരി ഗ്രാമപ്പഞ്ചായത്ത് പ്രസിഡൻറ് പൊതുവത്ത് ഫാത്തിമ, റഷീദ് ചെരിച്ചി, ചെറിയാപ്പു ഹാജി, പി.ടി.എ. പ്രസിഡൻറ ഹംസക്കുട്ടി മേനാട്ടിൽ, റസീൽ അഹമ്മദ്, അസൈനാർ എടരിക്കോട് തുടങ്ങിയവർ സംസാരിച്ചു.

## ഹരിത കുട നിവർത്താം, മാനം കാക്കാം

● ഓസോൺ ദിനാചരണത്തിൻെറ ഭാഗമായി വിദ്യാലയങ്ങളിൽ വിവിധ പരിപാടികൾ

**തിരൂരങ്ങാടി:** ലോക ഓസോൺ ദിനത്തിൽ 'കുട നിവർത്താം മാനം കാക്കാം' പ്രഖ്യാപനവുമായി ഒളകര ഗവ. എൽ.പി സ്കൂൾ വിദ്യാർഥികൾ പരിസ്ഥിതി സന്ദേശയാത്ര നടത്തി. പ്രധാനാധ്യാപകൻ എൻ. വേലായുധൻ ഫ്ലാഗ് ഓഫ് ചെയ്തു. അധ്യാപകരായ ഷീജ, ത്വയ്യിബ, ഫഹ്മിദ, അഫീദ, ഷഫീക്കലി എന്നിവർ നേതൃത്വം നൽകി.

**വേങ്ങര:** മർകസുൽ ഉലൂം ഹയർ സെക്കൻഡറി സ്കൂളിലെ പരിസ്ഥിതി ക്ലബിൻെറ നേതൃത്വത്തിൽ ഓസോൺ ദിനം വിവിധ പരിപാടികളോടെ ആചരിച്ചു. പോസ്റ്റർ രചന മത്സരം, ക്വിസ് മത്സരം എന്നിവ നടന്നു.

പരിസ്ഥിതി സൗഹൃദ പേപ്പർ പേനകൾ പ്രധാനാധ്യാപകൻ കെ. അബ്ദുൽ റഷീദ് വിദ്യാർഥികൾക്ക് വിതരണം ചെയ്തു. എം.കെ. മുഹമ്മദ്, ഇ.പി. അബ്ദുൽ മുനീർ, ഒ. ശറഫുന്നിസ, സി.എം. ബിജു ഗംഗ തുടങ്ങിയവർ സംസാരിച്ചു. ഹംസ മമ്പീതി, റിയാസ് കൂമുള്ളിൽ, ബഷീർ ചിത്രകൂടം തുടങ്ങിയവർ നേതൃത്വം നൽകി.



ചെട്ടിയാ കിണർ ഗവ. ഹൈസ്കൂൾ ജൂനിയർ റെഡ് ക്രോസിൻെറ ആഭിമുഖ്യത്തിൽ നടന്ന ഓസോൺ ദിനാചരണം

**കോട്ടക്കൽ:** ചെട്ടിയാം കിണർ ഗവ. ഹൈസ്കൂൾ ജൂനിയർ റെഡ് ക്രോസിൻെറ ആഭിമുഖ്യത്തിൽ ഓസോൺ ദിനം ആചരിച്ചു. ബോധവത്കരണ ജാഥ പ്രധാനാധ്യാപകൻ ആർ.എസ്. മുരളീധരൻ ഫ്ലാഗ് ഓഫ് ചെയ്തു. വിദ്യാർഥികൾ ഓസോൺ സംരക്ഷണ പ്രതിജ്ഞയെടുത്തു. ആർ.ആർ.ആർ.എഫ് അസി. കമാൻഡൻറ് പി.ടി. മെഹ്ബൂബ് ഉദ്ഘാടനം ചെയ്തു. സബ് ഇൻസ്പെക്ടർമാരായ സുകുമാരൻ, രമേഷ് എന്നിവർ പങ്കെടുത്തു. മുജീബ് മാസ്റ്റർ ബോധവത്കരണ ക്ലാസെടുത്തു. ആർ.എസ്. മുരളീധരൻ അധ്യക്ഷത വഹിച്ചു. പി.ടി.എ പ്രസിഡൻറ കാമ്പുറത്ത് ശംസുദ്ദീൻ, രാകേഷ് ആർ. നായർ, സബിത ടീച്ചർ, കേളി അബ്ബാസ് എന്നിവർ സംസാരിച്ചു. അസൈനാർ എടരിക്കോട് നന്ദി പറഞ്ഞു.

# പരിസ്ഥിതി സംരക്ഷണ സന്ദേശവുമായി ഓസോൺ ദിനം

**ചെട്ടിയാംകിണർ►** ഗവ. ഹൈസ്കൂൾ ചെട്ടിയാംകിണറിൽ മാതൃഭൂമി സീഡിൻെറയും ജൂനിയർ റെഡ് ക്രോസിൻെറയും നേതൃത്വത്തിൽ ഓസോൺ ദിനം ആചരിച്ചു.

ഓസോൺ പ്രാണൻെറ പുതപ്പ് പ്രമേയവുമായി ബോധവത്കരണജാഥ നടത്തി. പ്രഥമാധ്യാപകൻ ആർ.എസ്. മുരളീധരൻ ഫ്ലാഗ് ഓഫ്ചെയ്തു. വിദ്യാർഥികൾ ഓസോൺ സംരക്ഷണ പ്രതിജ്ഞ ചൊല്ലി.

ആർ.ആർ. ആർ.എഫ്. ക്യാമ്പിൽ വിദ്യാർഥികൾ സീഡ് ബോളുകൾ നിക്ഷേപിച്ചു. ആർ.ആർ.ആർ.എഫ്. അസിസ്റ്റൻറ് കമാൻഡൻറ് പി.ടി. മെഹ്ബൂബ് ഉദ്ഘാടനംചെയ്തു.

സബ് ഇൻസ്പെക്ടർമാരായ സുകുമാരൻ,രമേഷ് എന്നിവർ ആൽമരം നട്ടു.

മുജീബ് ഓസോൺ ബോധവത്കരണക്ലാസ് നടത്തി.പ്രഥമാധ്യാപകൻ ആർ. എസ്. മുരളീധരൻ അധ്യക്ഷനായി. പി.ടി.എ. പ്രസിഡൻറ് കാമ്പുറത്ത് ശംസുദ്ദീൻ, രാകേഷ് ആർ. നായർ,സബിത,കേളി അബ്ബാസ്, സീഡ് കോ-ഓർഡിനേറ്റർ അസൈനാർ എടരിക്കോട് എന്നിവർ സംസാരിച്ചു.




ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിലെ വിദ്യാർഥികൾ ഓസോൺ ദിനത്തിൽ സീഡ് ബോൾ നിക്ഷേപിക്കുന്നത് ആർ.ആർ.ആർ.എഫ്. അസിസ്റ്റൻറ് കമാൻഡൻറ് പി.ടി. മെഹ്ബൂബ് ഉദ്ഘാടനംചെയ്യുന്നു

# താനൂർ കടപ്പുറം ശുചീകരിച്ചു



ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിലെ മാതൃഭൂമി സീഡ് അംഗങ്ങൾ താനൂർ കടപ്പുറം ശുചീകരിച്ചപ്പോൾ

**ചെട്ടിയാംകിണർ►** കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള വനഗവേഷണവകുപ്പ് എന്നിവചേർന്ന് നടത്തിയ കടലോര ശുചീകരണയജ്ഞത്തിൽ ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിലെ മാതൃഭൂമി സീഡ് അംഗങ്ങൾ പങ്കാളികളായി.

താനൂർ കെട്ടുങ്ങൽ കടപ്പുറത്തെ അവശിഷ്ടങ്ങളാണ് വിദ്യാർഥികൾ തരംതിരിച്ചു ശേഖരിച്ചത്.

താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സി.കെ.എ. റസാഖ് ഉദ്ഘാടനം ചെയ്തു.

ഹരിത സേന കോ-ഓർഡിനേറ്റർ റഫീഖ് ബാബു, മുസ്തഫ കളത്തിങ്ങൽ, എ.സി. റസാഖ്, അസൈനാർ എടരിക്കോട്, സി.കെ. സബിത, കെ. ശിജില എന്നിവർ പ്രസംഗിച്ചു.



# ചെട്ടിയാംകിണർ സ്കൂളിലെ ഭിന്നശേഷി വാരാചരണം സമാപിച്ചു

**ചെട്ടിയാംകിണർ** ▸ 'തണലിലേക്ക് മാറാനല്ല തണലായ് മാറാൻ ഞങ്ങളും കൂടെയുണ്ട്' എന്ന പ്രമേയവുമായി ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.സ്കൂളിൽ നടന്ന ഭിന്നശേഷി വാരാചരണം സമാപിച്ചു.

സ്കൂളിലെ ഭിന്നശേഷി വിദ്യാർഥിയായ കെ. അക്ഷയ് തയ്യാറാക്കിയ കൈയെഴുത്തു മാസിക 'മഞ്ചാടി'യുടെ പ്രകാശനം പി.ടി.എ. വൈസ് പ്രസിഡന്റ് സി.കെ. സുബൈർ നിർവഹിച്ചു.

'നവമാധ്യമങ്ങളുടെ സ്വാധീനം വിദ്യാലയത്തിൽ' എന്ന വിഷയത്തിൽ അക്ഷയ് ക്ലാസെടുത്തു. ഗ്രന്ഥകാരനായ അജ്മൽ ഹബീബ് തന്റെ അനുഭവങ്ങൾ വിദ്യാർഥികളുമായി പങ്കുവെച്ചു. സ്കൂളിലെ ലൈബ്രറി സന്ദർശിച്ച് പുസ്തകങ്ങളുമായാണ് അജ്മൽ ഹബീബ് വീട്ടിലേക്ക് മടങ്ങിയത്.

പ്രധാനാധ്യാപകൻ ആർ.എസ്. മുരളീധരൻ അധ്യക്ഷതവഹിച്ചു. അനിൽകുമാർ, കളത്തിങ്ങൽ മുസ്തഫ, സൈതലവി ഹാജി, ഡോ. സജില, അസൈനാർ എടരിക്കോട്, രാകേഷ് ആർ. നായർ എന്നിവർ പ്രസംഗിച്ചു.

ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസ്. എട്ടാംക്ലാസ് വിദ്യാർഥിയും ഗ്രന്ഥകാരനുമായ അജ്മൽ ഹബീബ് സ്കൂൾ ലൈബ്രറിയിൽ



സി.കെ. നിസാർ, ബഷീർ ... പ്രസംഗിച്ചു.

# ആയുർവേദാചാര്യന്റെ ആശീർവാദംതേടി വിദ്യാർഥികൾ

'വിദ്യാലയം പ്രതിഭകളോടൊപ്പം' പരിപാടിയുടെ ഭാഗമായി ചെട്ടിയാംകിണർ ഹൈസ്കൂളിലെ വിദ്യാർഥികളും അധ്യാപകരും ഡോ. പി.കെ. വാരിയരെ സന്ദർശിച്ചപ്പോൾ

**ചെട്ടിയാംകിണർ** ▸ 'വിദ്യാലയം പ്രതിഭകളോടൊപ്പം' പരിപാടിയുടെ ഭാഗമായി ചെട്ടിയാംകിണർ ഗവ. ഹൈസ്കൂളിലെ വിദ്യാർഥികൾ ആയുർവേദാചാര്യൻ ഡോ. പി.കെ. വാരിയരുടെ ആശീർവാദം തേടിയെത്തി. വിദ്യാർഥികൾക്ക് അദ്ദേഹവുമായി സംവദിക്കാനുള്ള അവസരവും ലഭിച്ചു.

വീട്ടിലും വിദ്യാലയങ്ങളിലും ഔഷധച്ചെടികൾ വെച്ചുപിടിപ്പിക്കാൻ അദ്ദേഹം കുട്ടികളെ ഉപദേശിച്ചു. പ്രധാനാധ്യാപകൻ ആർ.എസ്. മുരളീധരൻ, സ്റ്റാഫ് സെക്രട്ടറി രാകേഷ് ആർ. നായർ, ഇന്ദു പുതുശ്ശേരി, അസൈനാർ എടരിക്കോട്, അനിൽകുമാർ എ.ബി., ശ്രീലേഖ പി.പി., ഡോ. ബിന്ദു നരവത്ത്, ജസീറ ആലങ്ങാടൻ തുടങ്ങിയവർ പങ്കെടുത്തു.

# ചന്ദ്രിക




*പെരുമണ്ണ ബ്രാന്റ് ജൈവ അവിൽ ചെട്ടിയാംകിണർ ജി.വി.എച്ച്.എസ്.എസിൽ ബ്ലോക്ക് പ്രസിഡന്റ് സി.കെ.എ റസാഖ് വിപണിയിലിറക്കുന്നു*

## പെരുമണ്ണ ക്ലാരി ബ്രാന്റ് ഹരിത ജൈവ അവിൽ

കോട്ടക്കൽ: പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് കൃഷി ഭവന്റെയും ചെട്ടിയാംകിണർ ഗവ. ഹൈസ്കൂൾ ഹരിത സേന ജൂനിയർ റെഡ് ക്രോസ് എന്നിവയുടെയും സംയുക്താഭിമുഖ്യത്തിൽ ചെയ്ത നെൽ കൃഷിയിൽ നിന്നും ഉത്പാദിപ്പിച്ച നെല്ല് ഉപയോഗിച്ച് ഹരിത ജൈവ അവിൽ വിപണിയിൽ ഇറക്കി. കഴിഞ്ഞ മൂന്ന് വർഷമായി വിദ്യാർഥികൾ കൃഷി ഭവനുമായി സഹകരിച്ചു കൊണ്ട് വിവിധ കാർഷിക പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നുണ്ട്. ആദ്യമായാണ് ചെട്ടിയാംകിണർ ഗവ. ഹൈസ്കൂൾ ഒരു കാർഷിക ഉൽപന്നം വിപണിയിലിറക്കുന്നത്. ഹരിത ജൈവ അവിൽ വിപണിയിൽ ഇറക്കുന്നതിന്റെ ഉദ്ഘാടന കർമം താനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.കെ.എ റസാഖ് പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പൊതുവത്ത് ഫാത്തിമക്ക് നൽകി കൊണ്ട് നിർവഹിച്ചു. പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി തയാറാക്കിയ തുണി സഞ്ചിയുടെ വിതരണവും ചടങ്ങിൽ നടന്നു. പ്രധമാധ്യാപകൻ ആർ. എസ്. മുരളിധരൻ അധ്യക്ഷത വഹിച്ചു. പി ടി എ വൈ .പ്രസിഡന്റ് സുബ്രഹ്മണ്യൻ വി. പെരുമണ്ണ പാടശേഖര സമിതി സെക്രട്ടറി ചെമ്മിളി മുഹമ്മദ് എന്ന ബാവാക്ക, രാകേഷ് ആർ. നായർ, അനിൽ കുമാർ എ.ബി, മുബഷ്ഷിറ, സഹ്ല, ഇർഷാദ്, ജൂനിയർ റെഡ്ക്രോസ് കൗൺസിലർ അസൈനാർ എടരിക്കോട് പ്രസംഗിച്ചു.

Malappuram Edition
17 Dec, 2019 Page No. 14
Powered by : erelego.com

# Fourteen


# Golden Principles

# for Stress Free Living

Dr. Mohammed Musthafa
Physical Education

- There is always some advantage in every event of life.Think over the advantage.
- Do not worry about the mistakes done in the past.The past is a ghost.Do not worry about future which has not yet born.Make the present positive and creative.
- Do not compare yourself with others,you are a unique person in the world.
- Do not feel jealous of others;be contented
- Do not feel superior to others;give up ego.
- Do not try to solve many problems at a time.Open only one compartment and put maximum efforts.
- If you cannot solve a problem despite of all efforts,do not be unhappy.Time is the best healer.
- Consider your crtics as your well wisher.By describing your weakness,they are acting as Psychotherapist.Also do not criticise others at their back.
- Do not think of taking revenge -forgive and forget.
- Surrender all worries to god and relax.
- Have positive attitude towards day to day events.
- Check your mind traffic by observing your mind.It will stop producing unwanted thoughts.
- Laughter is an antidote to stress.Laugh on your mistakes but do not laugh on others

- practice meditation for 15 minutes daily. it will bring peace,poise and relaxation of mind and body.



## Exam Hall

Poem Saranya-English

A hall transformed in to a court room,
the question papers and their partners,
answer sheets be the judges of genuineness.

Dubious eyes encounter with papers and watches,
for some,two and a half hours dash like a racing horse,
and for a few ,it crawls like a snail's speed.

At times,the court room becomes a prayer hall,
where the god gets down from the paradise,
with an enlightening touch.

A hide and seek game of mind after the right answers,
too laborious to come out victorious in the game,
true warrior the mind is,which works
with its weapon, the mighty 'pen '.

Doubtful eyes reflect happiness in the paper,
with the enlightened flash of mind.

# സ്ത്രീപക്ഷ രാഷ്ട്രീയവും

## ജനാധിപത്യവും

ഉപന്യാസം

തസ്‌ലീമ – plus one

ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമാണ് ജനാധിപത്യമെന്നാൽ ജനങ്ങളിൽനിന്ന് ജനപ്രതിനിധിയെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നു. എല്ലാരാജ്യങ്ങളും ജനാധിപത്യ രാജ്യങ്ങളല്ല.ഒരുപാട് രാജ്യങ്ങളിൽ ഏകാധിപത്യം നിലനിൽക്കുന്നുണ്ട്.

ജനാധിപത്യം ഒരു മഹത്തായ വലിയ കാര്യമാണ് ,എന്തെന്നാൽ ഒരു ഏകാധിപതിയാണ് ഭരണം നടത്തുന്നത് എങ്കിൽ അയാളുടെ ക്രൂരതകളും നന്മകളും ജനങ്ങൾ അക്ഷരംപ്രതി അനുസരിക്കണം. അയാൾക്കെതിരെ നാവ് ഉയരാൻ പാടില്ല ,എല്ലാവരും അയാളെ അംഗീകരിക്കണം .എന്നാൽ ജനാധിപത്യത്തിൽ കാര്യങ്ങൾ മറിച്ചാണ് സംഭവിക്കുന്നത്.നേതാക്കളെ ജനങ്ങളുടെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നു. വിമർശനങ്ങൾക്കും ഇളവുകളുണ്ട് സ്വാതന്ത്ര്യം, സമത്വം,സാഹോദര്യം എന്നതിലൂടെയാണ് ജനാധിപത്യത്തെ നാം വിലയിരുത്തേണ്ടത് .നമ്മുടെ സ്വതന്ത്ര ഇന്ത്യയിൽ ഓരോ പൗരനും ചില മൗലിക അവകാശങ്ങൾ ഉണ്ട് ,ഒരാൾക്ക് ഏത് മതം സ്വീകരിക്കാനും പഠിക്കാനും വസ്ത്രം ധരിക്കാനും ഉള്ള അവകാശങ്ങൾ ഉണ്ട് .പിന്നെ സമത്വം ഇന്ന് അതിന്റെ വളരെ വലിയ വിജയത്തിൽ എത്തിയിട്ടുണ്ട് .ആദ്യം സമത്വത്തിന്റെ കാര്യത്തിൽ ഉയർന്നുവന്നിരിക്കുന്ന ഒരു കാര്യമാണ് സ്ത്രീ-പുരുഷ വ്യത്യാസം.
ഇന്ന് ആ ഗതി മാറി എല്ലാ രംഗത്തിലും സ്ത്രീകൾ പ്രവേശിച്ചുകഴിഞ്ഞു ട്രാൻസ്ജെൻഡർ മുന്നേറ്റം വന്നുകൊണ്ടിരിക്കുന്നു .സാഹോദര്യം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രധാനമായും പരസ്പര സ്നേഹവും പരസ്പരധാരണയും ആണ്. എന്നാൽ ഇവയെല്ലാം പതിയെ പതിയെ മങ്ങുന്നുണ്ടോയെന്ന് സംശയമാണ്.


അഴിമതി രാഷ്ട്രീയവും ജനാധിപത്യത്തിനെതിരായ ഭരണവും നമ്മിൽ നിന്ന് ഒരുപാട് അകലെയല്ല. മതത്തിന്റെ പേരിൽ പരസ്പര ശത്രുത ഇന്ന് സ്ഥിരം കാഴ്ചയാണ് .ഇങ്ങനെ സംഭവിക്കുമ്പോൾ നാം ഓർക്കേണ്ട ഒരു പ്രധാന കാര്യം നമ്മുടെ സ്വതന്ത്ര ഇന്ത്യജനാധിപത്യ രാഷ്ട്രം ആകാൻ എത്രയോ എത്രയോ മുസൽമാന്റെയും ഹിന്ദുവിന്റെയും കഠിനപ്രയത്നം ഉണ്ട്.

സ്ത്രീയെ വിലയിരുത്തുകയാണെങ്കിൽ ആദ്യകാലങ്ങളിൽ സ്ത്രീയെ എന്നും പിന്നിലേക്ക് മാറ്റി നിർത്തുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. അവർക്ക് വിദ്യാഭ്യാസം നിഷേധിച്ചു, സ്വാതന്ത്ര്യം നിഷേധിച്ചു പൊതുരംഗത്തേക്ക് പ്രവേശനം നിഷേധിച്ചു.യഥാർത്ഥത്തിൽ സ്ത്രീക്ക് അവളുടെ നഗ്നത മറക്കാൻ പോലുമുള്ള സ്വാതന്ത്ര്യം ഇവിടെ അന്യമായിരുന്നു .എന്നാൽ നിരവധി സമരങ്ങളിലൂടെ അവൾ അത് നേടിയെടുത്തു .സ്ത്രീക്ക് എല്ലാ തരത്തിലുമുള്ള സ്വാതന്ത്ര്യം രൂപപ്പെട്ടു .പണ്ടുകാലത്ത് സ്ത്രീകൾക്ക് ജോലി എന്നത് വളരെയേറെ അന്യമായിരുന്നു .പ്രാഥമിക വിദ്യാഭ്യാസം പോലും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു എന്നാൽ ഇന്ന് എവിടെയും സ്ത്രീ മുന്നിലാണ് .ജോലിയിലും പഠനത്തിലും തുടങ്ങി എല്ലാ രംഗങ്ങളിലും സ്ത്രീ ഏറെ മുന്നിലാണ്.

രാഷ്ട്രീയത്തിൽ പോലും സ്ത്രീകൾ സജീവമാണ് .സ്ത്രീ പക്ഷ രാഷ്ട്രീയം എന്നത് സ്ത്രീകളുടെ ഉന്നമനത്തിനായി വളരെയേറെ സഹായിക്കുന്ന ഒരു കാര്യമാണ് .ഇതു മുഖേന സ്ത്രീയുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ വളരെയേറെ സഹായകമാണ്. രാജ്യത്തിൻറെ രാഷ്ട്രീയം ഇപ്പോൾ സ്ത്രീകളിലും ഉയർന്നു വന്നു കൊണ്ടിരിക്കുന്നു .ക്യാമ്പസ് രാഷ്ട്രീയം സ്ത്രീ വളരെയേറെ മുന്നിലാണ് .ഇത് സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾ അടിച്ചമർത്താൻ  വളരെയേറെ സഹായകമാണ് .ഒരു സ്ത്രീക്ക് മറ്റു സ്ത്രീകളുടെ വിഷമങ്ങൾ മനസ്സിലാകും മനസ്സിലാക്കാൻ ബുദ്ധിമുട്ടൊന്നുമില്ല .സ്ത്രീക്ക് ഇത്രയേറെ മുന്നേറ്റം ഉണ്ടായിട്ടും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വളർന്നു വരുന്നു .അതിനെ അടിച്ചമർത്താൻ ഒരു സ്ത്രീപക്ഷ രാഷ്ട്രീയത്തിനു ഏറെ സഹായകമാണ് .പണ്ടു

കാലങ്ങളിൽ സ്ത്രീകൾക്ക് ജനാധിപത്യം എന്നത് സ്വപ്നം കാണാൻ പോലും സാധ്യമല്ലായിരുന്നു .

പണ്ടുകാലങ്ങളിൽ സ്ത്രീ വേദനകളും യാതനകളും കാണാനും കേൾക്കാനും ആരും തയ്യാറായിരുന്നില്ല. ഇന്നവൾക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾ മുതൽ ആരംഭിക്കുന്നു.ഇന്ന് സ്ത്രീക്ക് വേണ്ടി മാത്രമായി സംഘടനകൾ ഒരുപാടുണ്ട്. ഇന്നത്തെ സമൂഹത്തിൽ സ്ത്രീ പക്ഷ രാഷ്ട്രീയവും ജനാധിപത്യവും വളരെ അത്യാവശ്യമാണ് .സ്ത്രീകൾക്ക് എല്ലാ മേഖലകളിലും അവസരങ്ങൾ വളരെ കുറവായിരുന്നു, ഇന്ന് എല്ലാ മേഖലകളിലും അവസരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട് ഇന്ന് ജീവിതത്തിൽ പ്രയാസമനുഭവിക്കുന്ന സ്ത്രീകൾ വളരെ ഏറെയാണ്.അവർക്ക് ഒരു താങ്ങായി മുന്നോട്ടുവരാൻ രാഷ്ട്രീയക്കാരും ജനപ്രതിനിധികളും തയ്യാറാവുന്നു സ്ത്രീകൾക്കെതിരെയുള്ള ക്രൂരതകൾ കുറക്കുവാൻ വേണ്ട എല്ലാ സംവിധാനങ്ങളുംസുരക്ഷയും ഏർപ്പെടുത്തേണ്ടതുണ്ട് ,സ്ത്രീപക്ഷ ജനാധിപത്യം വിജയിക്കട്ടെ.



# വരകളിലൂടെ.........








بسم الله الرحمن الرحيم
قل
هو الله أحد
الله الصمد
لم يلد ولم يولد
ولم يكن له كفوا أحد


بسم الله الرحمن الرحيم


VIVEK T.P.
IX B



Adithya.k. 8B.


FATHIMA MARFA-K
IX^dh A






K.T
9.A



fathima Nasrin
VIII - D


Sajeeda Thasni M 9-A


Archana
IX:B


Vishnu.K.C 8B


MOHAMMED FAYIZ - T 9.A


Thasleem-P
9-C

